(ഇ) ജനറൽ കാറ്റഗറിയിൽ കണക്ഷൻ നൽകുന്നതിനുള്ള ചെലവ് വൈദ്യുതി ബോർഡാണ് വഹിക്കുന്നത്. ഒ. വൈ. ഇ. സി. സ്കീമിൽ ചേരുന്നതിന് അപേക്ഷിച്ചിട്ടില്ല.

(എഫ്, ജി) ശ്രീ. ശശികുമാറിനുള്ള കണക്ഷൻ നോർമൽ കാറ്റഗറി മുൻഗണനാ ക്രമമനുസരിച്ച് 282-ാമത്തേതാണ്. സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ചും മുൻഗണനാക്രമമനുസരിച്ചും കണക്ഷൻ നൽകുന്നതാണ്.

നെടുമങ്ങാട് സബ് ഡിവിഷനുകീഴിലുള്ള വൈദ്യുതി മോഷണ കേസുകൾ

88 [5339] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് സബ് ഡിവിഷനുകീഴിലുള്ള സെക്ഷനുകളിൽ കറണ്ട് മോഷണവുമായി ബന്ധപ്പെട്ട് എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) നെടുമങ്ങാട് സബ് ഡിവിഷനുകീഴിലുള്ള സെക്ഷനുകളിൽ കറണ്ട് മോഷണവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) പ്രസക്തമല്ല.

മണക്കാട്-ചൂനാട് 11 കെ. വി. ഇന്റർ ലിങ്കിംഗ് വൈദ്യുതി ലൈൻ ചാർജ്ജ് ചെയ്യാത്ത നടപടി

89 [5341] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഇലക്ട്രിക്കൽ ഡിവിഷനിലെ വള്ളിക്കുന്നം പഞ്ചായത്തിൽ മൂന്നുവർഷംമുമ്പ് നിർമ്മിച്ച മണക്കാട്-ചൂനാട് 11 കെ. വി. ഇന്റർ ലിങ്കിംഗ് വൈദ്യുതി ലൈൻ ചാർജ്ജ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) അന്നത്തെ ഓച്ചിറ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ താൽപര്യപ്രകാരം പുറംപോക്ക് സ്ഥലം ഉണ്ടായിട്ടും ഒരു വ്യക്തിയുടെ വസ്തുവിൽ അസൗകര്യമായ രീതിയിൽ ഈ ലൈനിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചത് സംബന്ധിച്ച് എന്തെങ്കിലും വിജിലൻസ് കേസ് നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കാമോ;

(ഡി) ഈ ഇൻറർ ലിങ്കിംഗ് ലൈനിൽ സ്ഥാപിച്ച ട്രാസ്ഫോർമർ അവിടെ നിന്നും മാറ്റി സ്ഥാപിക്കുവാനും ഇതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ മാതൃകാപരമായി ശിക്ഷിക്കാനും വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly